ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : അപേക്ഷകളൊക്കെ അനുവദിച്ചു കൊടുക്കാം. പക്ഷേ സാംസ്ക്കാരിക കേരളത്തിന്റെ രോമാഞ്ചം വിദ്യുച്ഛക്തി ബോർഡ് നശിപ്പിക്കുന്നത് രാജ്യതാല്പര്യത്തിന് അനുഗുണമല്ലാത്തതുകൊണ്ട് അത് ചെയ്യാൻ നിവൃത്തിയില്ല.

## സൗജന്യ റേഷൻ ലഭിക്കാത്തവർ

* 217. [239] ശ്രീ. കെ. ഇ ഇസ്മയിൽ :
,, പി. കുമാരൻ :
,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർഹതയുണ്ടായിരുന്നിട്ടും ഓണക്കാലത്ത് റേഷൻ കിട്ടാതെ പോയവരുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) സൗജന്യ റേഷൻ ലഭിക്കാതിരുന്നവർക്ക് അത് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) അർഹതയുള്ള എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ റേഷൻ നല്കിയിട്ടുണ്ട്.

(ബി) ആൻറ് (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ഈ കഴിഞ്ഞ വെള്ളപ്പൊക്ക കാലഘട്ടങ്ങളിൽ സൗജന്യ റേഷൻ കൊടുക്കണമെന്ന് ആവശ്യപ്പെട്ട് കൊടുപ്പിച്ചതിനെ തുടർന്ന് അതിന്റെ പണം കിട്ടിയിട്ടില്ലെന്നുള്ളതുകൊണ്ട്, ഈ പ്രാവശ്യം ഓണത്തിന് സൗജന്യ റേഷൻ കൊടുക്കാൻ തയ്യാറല്ലെന്ന നിലയിൽ റേഷൻ കടക്കാർ കൊടുക്കാതിരുന്ന നടപടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന് ആവശ്യമായ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സർ, റേഷൻ കടക്കാരൊന്നും അങ്ങനെ റേഷൻ കൊടുക്കാതെയിരുന്നിട്ടില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ഞങ്ങൾക്ക് റേഷൻ കിട്ടിയിട്ടില്ലെന്നു പറഞ്ഞുകൊണ്ട് കളക്ടർക്കും മന്ത്രിക്കും നിരവധി പരാതികൾ സമർപ്പിച്ചിട്ടുണ്ട്. ആ പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സർ, വളരെ ചുരുങ്ങിയ പരാതികളേ അത്തരത്തിൽ ലഭിച്ചിട്ടുള്ളൂ. ആ പരാതികൾ പരിശോധിക്കാൻ അയച്ചിട്ടുണ്ട്. അർഹരായ എല്ലാവർക്കും നല്കിയിട്ടുണ്ട്.

ശ്രീ. പി. കുമാരൻ : സർ, ഏത് വരുമാനത്തിന്റെ കണക്കിലാണ് ഈ സൗജന്യ റേഷൻ കൊടുത്തിട്ടുള്ളത് ; റേഷൻകാർഡിലെ വരുമാനം എത്ര രൂപയിൽ താഴെയുള്ളവർക്കാണ് ഈ സൗജന്യ റേഷൻ കൊടുത്തിട്ടുള്ളത് ?

ശ്രീ. യു. എ. ബീരാൻ : സർ, പ്രതിവർഷം 4,500 രൂപയിൽ താഴെ വരുമാനമുള്ള ദുർബല ജനവിഭാഗങ്ങൾക്കാണ് നല്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുമാരൻ : സർ, ഈ അട്ടപ്പാടി മേഖലയിൽ റേഷൻ കാർഡില്ലാത്ത ഒട്ടനവധി ആളുകൾക്ക് റേഷൻ കിട്ടാതെ വന്നിട്ടുള്ള ആക്ഷേപം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സർ, ബഹുമാനപ്പെട്ട മെമ്പർ തന്നെ അവിടെയുള്ള കുറച്ച് ആളുകൾക്ക് കാർഡില്ലാത്ത കാര്യത്തെ സംബന്ധിച്ച് പരാതി തന്നിരുന്നു. അവർക്ക് കാർഡ് ഇഷ്യൂ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, സൗജന്യ റേഷൻ കൊടുത്തത് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നാണോ ; അതല്ലെങ്കിൽ ഗവൺമെന്റിന്റെ ഏത് ഫണ്ടിൽനിന്നാണ് കൊടുത്തതെന്ന് അറിഞ്ഞാൽകൊള്ളാം ?

ശ്രീ. യു. എ. ബീരാൻ : സർ, സൗജന്യ റേഷനായിട്ടാണ് കൊടുത്തിട്ടുള്ളത്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും ബാക്കിയുള്ളത് മുഴുവനും കണ്ടിൻജൻസി ഫണ്ടിൽനിന്നുമാണ് കൊടുത്തിട്ടുള്ളത്.

ഡോക്ടർ കെ. സി. ജോസഫ് : സർ, ഇങ്ങനെ 4,500 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവർക്ക് സൗജന്യ റേഷൻ കൊടുത്തപ്പോൾ അരയേക്കർ, ഒരേക്കർ നെൽകൃഷിയുള്ളവർക്ക് അത് നശിച്ചുപോയിട്ടും അരയേക്കർ ഒരേക്കർ കൃഷിയുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ സൗജന്യ റേഷൻ കിട്ടാത്തതായി പരാതി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത്തരം നടപടികൾ പരിഹരിക്കാൻ തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : സർ, അത്തരത്തിലുള്ള കൃഷിക്കാർക്ക് കാർഡ് കൊടുക്കുന്ന സമ്പ്രദായം നിറുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ട്. അത് പരിഗണനയിലാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഇവിടെ ഈ സൗജന്യ റേഷൻ കൊടുത്തതിൽ കുറേ ഭാഗം ദുരിതാശ്വാസ നിധിയിൽനിന്നും മാറ്റ് കണ്ടിൻജൻസി ഫണ്ടിൽനിന്നും ആണെന്ന് ആണ് പറഞ്ഞത്. ഈ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര ഉറുപ്പിക ചെലവാക്കിയിട്ടുണ്ട് ; കണ്ടിൻജൻസി ഫണ്ടിൽനിന്ന് എത്ര ചെലവാക്കിയിട്ടുണ്ട് എന്ന് വ്യക്തമായ മറുപടി പറയാമോ ?

ശ്രീ. യു. എ. ബീരാൻ : സർ, അതിന്റെ വിശദമായിട്ടുള്ള കണക്കുകൾ ജില്ലകളിൽനിന്ന് ലഭിച്ചിട്ടില്ല. ഒട്ടാകെയുള്ള കണക്ക് ലഭിച്ചിട്ടുണ്ട്. ഏഴ് കോടി പതിനഞ്ചു ലക്ഷം ഉറുപ്പിക ചെലവായിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, കണ്ടിൻജൻസി ഫണ്ടിൽനിന്ന് കൊടുത്തത് ഏതെങ്കിലും ബഡ്ജറ്റ് ഹെഡ്ഡിലേക്ക് അപ്രോപ്രിയേറ്റ് ചെയ്യേണ്ടേ ; ഏത് ഹെഡ്ഡിൽ, വക കൊള്ളിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത് ?

ശ്രീ. യു. എ. ബീരാൻ : സർ, ഹെഡ് 250 ൽ.



LIBRARY ARCHIVES Kerala Legislative Assembly